## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 463** **27.09.2011 ൽ മറുപടിയ്ക്ക്**

## വന്യമൃഗ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും നേരെ ആക്രമണം നടത്തുന്ന പശ്ചാത്തലത്തിൽ ഇവയെ വെടിവയ്ക്കുന്നതിന് നാട്ടുകാർക്ക് അധികാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും നേരെ ആക്രമണം നടത്തുന്ന മുഴുവൻ വന്യമൃഗങ്ങളെയും വെടിവയ്ക്കുന്നതിന് അധികാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്കു വിധേയമായി വെടി വച്ചുകൊല്ലുന്നതിനുള്ള അധികാരം റെയിഞ്ചാഫീസർ തലത്തിലേക്ക് നൽകാനായി ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ 17.06.2011 ലെ സ.ഉ.(സാധാ) നം.265/2011/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 23.06.2011-ലെ ജി. ഒ. (ആർ.റ്റി)നം. 281/2011/വനം പ്രകാരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള നടപടി ക്രമങ്ങളും നിബന്ധനകളും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവുകൾക്ക് കൂടുതൽ വിശദീകരണം നൽകിക്കൊണ്ട് 31.08.2011 ലെ ജി. ഒ. (ആർ.റ്റി)നം. 392/2011/വനം ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഏതൊക്കെ തരം മൃഗങ്ങളെ വെടിവയ്ക്കുന്നതിനുള്ള അനുമതിയാണ് ഉത്തരവിൽ നൽകിയിട്ടുള്ളത് ; | (ബി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. |
| (സി) ഉത്തരവ് ഇറങ്ങിയതിനുശേഷം, കേരളത്തിലെ വിവിധ വനം ഡിവിഷനുകളിൽ ഇത്തരത്തിൽ എത്ര വന്യമൃഗങ്ങളെയാണ് വെടിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) ഉത്തരവ് ഇറങ്ങിയതിനുശേഷം കാട്ടുപന്നികളെ ഒന്നും വെടിവെച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുവാൻ പരീക്ഷണാടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ (സാധാ) നം. 265/2011/വനം തിരുവനന്തപുരം, തീയതി: 17 .06.2011.

---

പരാമർശം:- 1) 1.2.2011 ലെ സ.ഉ (എം.എസ്) നം.4/2011/വനം നമ്പർ സർക്കാർ ഉത്തരവ്.
2) 3.5.2011 ൽ ബഹു: വനം വകുപ്പ് മന്ത്രിക്ക് പരാമർശം (1) പ്രകാരമുള്ള കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട്.

ഉത്തരവ്

സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലമുൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി വമ്പിച്ച തോതിലുള്ള കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. വന്യജീവികളുടെ ആക്രമണം മൂലം ജീവഹാനിയുണ്ടാകുന്ന സന്ദർഭങ്ങളും വർദ്ധിച്ചുവരുകയാണ്. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കാൻ വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വന്യജീവി വിഭാഗം മുഖ്യവനപാലകൻ കൺവീനറുമായും ഒരു പത്തംഗ സമിതിയെ പരാമർശം ഒന്നിലെ ഉത്തരവ് വഴി സർക്കാർ നിയമിച്ചു. ഈ കമ്മിറ്റി പരാമർശം രണ്ടു പ്രകാരം സർക്കാരിന് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നികളെ പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിലെ നിബന്ധനകൾക്ക് വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക്, വെടിവച്ചു കൊല്ലുന്നതിനുള്ള അനുമതി നല്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിനായി വനം വകുപ്പിലെ റെയിഞ്ച് ഓഫീസർമാർക്ക് അധികാരം ഡെലിഗേറ്റ് ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർമാർ ഇതു സംബന്ധിച്ച് സമയബന്ധിതമായി പുനഃപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ് ഒരു വർഷത്തേക്കാണ് പരീക്ഷണാടിസ്ഥാനത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സാജൻ പീറ്റർ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്)
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം (അറിവിലേയ്ക്കായി)
ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരളാ സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ അനുമതി നൽകിയ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(ആർ.ടി.) നമ്പർ.281/2011/വനം തീയതി.23.06.2011. തിരുവനന്തപുരം.

---

പരാമർശം : 1) 1.2.2011 ലെ സ.ഉ.(സാധാ) 04/2011/വനം നമ്പർ ഉത്തരവ്

2) 3.5.2011 ൽ ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് പരാമർശം (1) പ്രകാരമുള്ള കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട്.

3) 17.6.2011 ലെ സ.ഉ. (സാധാ) നം. 265/2011/വനം നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നിയെ മേൽ പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിലെ നിബന്ധനകൾക്ക് വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിട്ടുള്ള കൃഷിക്കാർക്ക് വെടിവച്ചുകൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നിബന്ധനകളെ സംബന്ധിച്ചും ഈ നടപടിക്ക് കൈക്കൊള്ളേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും കൂടുതൽ വ്യക്തത നൽകുന്നതിനായി പരാമർശം മൂന്നിലെ ഉത്തരവ് താഴെപ്പറയുന്ന പ്രകാരം വിശദീകരിക്കുന്നു.

കൃഷിനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് :

1. നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ /അസ്സി. വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ച് കൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിന്റെ സ്ഥാനം, വിളകൾക്കുണ്ടായ നാശനഷ്ടം, ആക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.

2. ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ /അസ്സി. വൈൽഡ് ലൈഫ് വാർഡ, വനസംരക്ഷണസമിതി പ്രസിഡന്റ് / എക്കോഡെവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ് / ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി

ഇക്കാര്യത്തിനായി വനം വകുപ്പിലെ റെയിഞ്ച് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് അധികാരം കൈമാറി കൊടുക്കുന്നതിനുള്ള നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ ഇതു സംബന്ധിച്ച് സമയബന്ധിതമായി പുന:പരിശോധന നടത്തി റിപ്പോർട്ട് വന്യജീവി വിഭാഗം മുഖ്യവനപാലകന് സമർപ്പിക്കേണ്ടതുമാണ്. ഒരു വർഷത്തേക്ക് പരീക്ഷണാടിസ്ഥാനത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

പരാമർശം മൂന്നിലെ ഉത്തരവ് മേൽ പ്രതിപാദിച്ചപ്രകാരം വിശദീകരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സാജൻ പീറ്റർ**

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ,
തിരുവനന്തപുരം
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം(അറിവിലേയ്ക്കായി)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്(മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റലും
പ്രസിദ്ധീകരിക്കുന്നതിന്
അക്കൗണ്ടന്റ് ജനറൽ (എ& ഇ / ആഡിറ്റ്) , കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് കോപ്പി

പകർപ്പ്:-വനം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടു പന്നികളെ വെടിവെച്ചുകൊല്ലാൻ അനുമതി നൽകിയ ഉത്തരവുകൾക്ക് കൂടുതൽ വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ (സാ) നം. 392/2011/വനം തിരുവനന്തപുരം, തീയതി: 31.08.2011.

---

പരാമർശം:- 1. 01.02.20011-ലെ സ.ഉ(സാധാ) നമ്പർ. 04/2011/വനം.
2. 03.05.2011-ൽ ബഹു. വനംവകുപ്പ് മന്ത്രിക്ക് പരാമർശം (1) പ്രകാരമുള്ള കമ്മറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട്.
3. 17.06.2011-ലെ സ.ഉ.(സാധാ) നമ്പർ. 265/2011/വനം.
4. 23.06.2011-ലെ സ.ഉ.(സാധാ) നമ്പർ. 281/2011/വനം.
5. വന്യജീവി വിഭാഗം മുഖ്യവനപാലകൻെറ 05.08.2011-ലെ ഡബ്ളിയു. എൽ 4.466/11-ാം നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നിയെ മേൽ പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിലെ നിബന്ധനകൾക്ക് വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിട്ടുള്ള കൃഷിക്കാർക്ക് വെടിവച്ചുകൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നിബന്ധനകളെ സംബന്ധിച്ചും ഈ നടപടിക്ക് കൈക്കൊള്ളേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും കൂടുതൽ വ്യക്തത നൽകി പരാമർശം നാല് പ്രകാരം പുതുക്കിയ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. പരാമർശം നാലിലെ ഉത്തരവിനെ സംബന്ധിച്ച് പരാമർശം അഞ്ചിലെ കത്തുവഴി വന്യജീവി വിഭാഗം മുഖ്യവനപാലകൻ ചില സംശയങ്ങൾ സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു

(i) വെടിവെച്ചുകൊല്ലപ്പെടുന്ന പന്നിയെ സംസ്ക്കരിക്കുന്നതിന് 500/- (അഞ്ഞൂറ്) രൂപ പ്രതിഫലം നൽകുന്നതാണ്.

(ii) ഒരുവർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലായിരിക്കും ഇത് നടപ്പിലാക്കുന്നത്.

പരാമർശം നാലിലെ ഉത്തരവിൽ മേൽ പ്രസ്താവിച്ചപ്രകാരം ഭേദഗതി ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സാജൻ പീറ്റർ**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) , തിരുവനന്തപുരം,
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം (അറിവിലേയ്ക്കായി)
ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് കോപ്പി.
പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനംവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ